(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയ എല്ലാ ഉപഭോക്താക്കളിൽനിന്നും 31-3-2014-ലെ കണക്കനുസരിച്ച് കുടിവെള്ള ചാർജ്ജിനത്തിൽ (പലിശയും പിഴപ്പലിശയും സർചാർജ്ജും ഉൾപ്പെടെ) പിരിഞ്ഞുകിട്ടാനുള്ള തുക ചുവടെ ചേർക്കുന്നു:

ഗാർഹികം	-	112.42 കോടി രൂപ
ഗാർഹികേതരം	-	310.00 കോടി രൂപ
വ്യാവസായികം	-	38.00 കോടി രൂപ
പൊതുടാപ്പ്	-	153.36 കോടി രൂപ
ആകെ	-	613.78 കോടി രൂപ

സ്വകാര്യ വ്യക്തികളുടെ കുടിവെള്ള കണക്ഷൻ മാത്രമാണ് ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഗാർഹികേതര കുടിശ്ശികയിനത്തിൽ ഭൂരിഭാഗവും പലിശയിനത്തിലും പിഴപ്പലിശയിനത്തിലും ഉൾപ്പെട്ടതാണ്.

(ബി) കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കാനുള്ള നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുകയും റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ഒരു അദാലത്ത് നടത്തി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കാൻ മുന്നോട്ടുവരുന്ന ഉപഭോക്താക്കൾക്ക് പിഴപ്പലിശയിൽ കുറവ് ചെയ്തുനൽകുന്നതാണ്.

നദീസംയോജന പദ്ധതി

154 (4440) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുന്ന കേരളത്തിലെ നദികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) നദീസംയോജനത്തിനായി പഠനം നടത്തിയ ഏജൻസി ഏതെന്നും പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ നദികൾ ഉൾപ്പെടാനുണ്ടായ സാഹചര്യം എന്തെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയിൽ പരാമർശിക്കപ്പെട്ട നദികളിൽ അധികജലമുണ്ടെന്ന റിപ്പോർട്ട് വരാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ; ഇതു തിരുത്താൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെയെത്തിയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ കേരളത്തിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളെയാണ് ഉൾപ്പെടുത്തിയിരുന്നത്.

(ബി&സി) കേന്ദ്ര സർക്കാരിന്റെ നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട്; കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസി (NWDA)യാണ് പഠനം നടത്തി സാദ്ധ്യതാ റിപ്പോർട്ട് (Feasibility report) തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര ജലവിഭവ വകുപ്പും കേന്ദ്ര ജലകമ്മീഷനും സംയുക്തമായി ആവിഷ്കരിച്ച് വിഭാവനം ചെയ്യപ്പെട്ട 16 പെനിൻസുലാർ ലിങ്ക് പദ്ധതികളിൽ പതിനാറാമത്തേതായിട്ടാണ് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ ഉൾപ്പെടുത്തിയിരുന്നത്. കേരളത്തിലെ നദികളായ പമ്പയിലും അച്ചൻകോവിലിലും അധിക ജലമുണ്ടെന്നുള്ള ഒരു മുൻധാരണയിലാണ് ദേശീയ ജലവികസന ഏജൻസി പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിക്കുള്ള സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ജലവികസന ഏജൻസിയുടെ പഠനങ്ങളിൽ കുട്ടനാട് പ്രദേശത്തെ ഇക്കോസിസ്റ്റം, ഓരുജലനിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് ആവശ്യമായ ജലത്തിന്റെ അളവ് അടിസ്ഥാനമാക്കിയതായി കാണുന്നില്ല. പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലലഭ്യത സംബന്ധിച്ച് ദേശീയ ജലവികസന ഏജൻസി (NWDA) നടത്തിയ പ്രാഥമിക പഠനങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി അഭിപ്രായം അറിയിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കാതെതന്നെ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം കോഴിക്കോടുള്ള CWRDM ലഭ്യമാക്കിയ പഠന റിപ്പോർട്ടുപ്രകാരം മൂകളിൽ സൂചിപ്പിച്ച രണ്ട് നദികളിലും അധികജലം ഇല്ലായെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ നദികളിൽ 2050-ാം വർഷത്തോടെ രൂക്ഷമായ ജലക്ഷാമം (പ്രത്യേകിച്ചും പമ്പാ നദിയിൽ) അനുഭവപ്പെടുമെന്നും പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നുള്ള കേരളത്തിന്റെ വാദങ്ങളെ പരിഗണിക്കാതെ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിക്കുള്ള സാദ്ധ്യതാ റിപ്പോർട്ട് അംഗീകരിക്കുന്നതിനായുള്ള നടപടിയെ കേരളം എല്ലാക്കാലത്തും എതിർത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ പ്രമേയം പാസ്സാക്കിയിരുന്നു. ഈ വിവരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേരളത്തിന് ഗുണകരമല്ലാത്ത പ്രസ്തുത പദ്ധതിക്കെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും കേരളം ഇതിനകം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. കേരളവും തമിഴ്നാടും തമ്മിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പൊതുധാരണയിൽ എത്തിയാൽ മാത്രമെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂവെന്ന് ദേശീയ ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമത്തേയും തടയണമെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി സദീസംയോജന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ കൂടി ചർച്ചചെയ്യുന്നതിനായി വിളിച്ചുചേർത്ത 21-11-2014-ലെ യോഗത്തിൽ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി പങ്കെടുക്കുകയും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിന് കേരളത്തിനുള്ള എതിർപ്പ് കാര്യകാരണ സഹിതം പ്രസ്തുത യോഗത്തിൽ വിശദീകരിക്കുകയുമുണ്ടായി. ആവശ്യമായ മുൻകരുതലോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേരളത്തിന്റെ എതിർപ്പ് ഉടർന്നും സാദ്ധ്യമായ എല്ലാ വേദികളിലും പ്രകടിപ്പിക്കാനാണുദ്ദേശിക്കുന്നത്.

ചാലിയാർ പുഴയിൽ തടയണ നിർമ്മിക്കുന്നതിന് നടപടി

155 (4441) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ ചീക്കോട് കടിവെള്ള പദ്ധതിയുടെ പമ്പിംഗ് സ്ഥലത്ത് ഒരു തടയണ നിർമ്മിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ആയതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലിയാർ പുഴയിൽ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് സ്ഥലത്ത് തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ അപേക്ഷയൊന്നും ഇറിഗേഷൻ വിഭാഗത്തിൽ ലഭിച്ചതായി കാണുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly